# എസ്. എസ്. എൽ. സി. മോഡൽ പരീക്ഷ - 2021
## KSTA അക്കാഡമിക് കൗൺസിൽ മലപ്പുറം

**സ്കോർ : 40** **മലയാളം - 2** **സമയം : 1.30 മണിക്കൂർ**

---

1. കരിന്തിരി എന്ന പദം വിഗ്രഹിച്ചാൽ
   എ) കരിയുന്ന തിരി
   ബി) കരി പോലുള്ള തിരി
   സി) കരിഞ്ഞ തിരി
   ഡി) കരിയുടെ തിരി
2. "<u>ജര ബാധിച്ച സമയ</u>ത്തെക്കുറിച്ച് അമ്മ ഓർമിക്കും " അടിവരയിട്ട പദം നൽകുന്ന സൂചന എന്ത്?
   എ) സമയത്തിന് ജര ബാധിച്ചു
   ബി) അമ്മ അനുഭവിക്കുന്ന ഏകാന്തത
   സി) അമ്മയ്ക്ക് ജര ബാധിച്ചു
   ഡി) മകന്റെ കൂടെ പോകാൻ അമ്മ വിസമ്മതിച്ചു
3. "നല്ലതിഥി നമുക്കിനിയാരിതു പോലെ " നല്ല അതിഥിയായി കവി കരുതുന്നതാരെ?
   എ) വാമനനെ
   ബി) ഉഷസിനെ
   സി) മഹാബലിയെ
   ഡി) പുള്ളുവനെ
4. "ഈ വയ്യാവേലിയിൽ നിന്ന് <u>തല വലിക്കാൻ</u> മത്തായിക്ക് കുറെ പാടുപെടേണ്ടി വന്നു " അടിവരയിട്ട പ്രയോഗത്തിന്റെ ശരിയായ അർത്ഥം കണ്ടെത്തി എഴുതുക
   എ) അധ്വാനിക്കുക
   ബി) തല പുറത്തെടുക്കുക
   സി) കഷ്ടപ്പെടുക
   ഡി) രക്ഷപ്പെടുക
5. " നിറഞ്ഞ ആരോഗ്യവും ആനയുടെ കരുത്തും ഉണ്ടായിരുന്നു " സൂചന ആരെക്കുറിച്ചാണ്?
   എ) കോരൻ
   ബി) ചിരുത
   സി) പുഷ്പവേലിൽ ഔസേപ്പ്
   ഡി) കോരന്റെ അച്ഛൻ
6. "അവിടെങ്ങും നെല്ല് കണി കാണാനില്ല. ഉള്ളോൻ വെളീ കാണിക്കത്തില്ല " അച്ഛന്റെ വാക്കുകളിൽ നിറയുന്ന ഭാവമെന്ത്?
   എ) പരിഹാസം
   ബി) അദ്ഭുതം
   സി) അമർഷം
   ഡി) നിരാശ

**<u>രണ്ട് സ്കോറിന്റെ ചോദ്യങ്ങൾ</u>**

7. "അതോർത്ത് ഞ് വെഷമിക്കേണ്ട . ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നിയിട്ടില്ല" അമ്മ ഇങ്ങനെ പറയുന്നതിന്റെ പൊരുളെന്ത്?

8. പെറ്റു കിടക്കും തെരുവുപട്ടിക്കെന്തൊ -
രൂറ്റം കുരച്ചത് ചാടിക്കുതിക്കുന്നു "
പട്ടിയുടെ കുര മകന് നൽകുന്ന മുന്നറിയിപ്പ് എന്ത്?

9. ആശയ വ്യക്തത നഷ്ടപ്പെടാതെ താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളെ ഒറ്റ വാക്യമായി എഴുതുക
അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു. ആ കാഴ്ച നോക്കി നിന്ന് ചിരുത ആനന്ദിച്ചു.

10. വിട്ടു പോയ ഭാഗം പൂരിപ്പിക്കുക
മാതൃക
ദാഹജലം : ദാഹം തീർക്കുന്നതിനുള്ള ജലം
......... : കാലിലെ മുട്ട്
.......... : കന്നിയിലെ നെല്ല്

11. " നെല്ലില്ല, പിശാശുക്കള് ! നെല്ലു കൊണ്ടുചെന്നു വല്ല പീടികയിലും പെട്ട വിലയ്ക്ക് വിൽക്കാനാണ് "
" അല്ല തമ്പ്രാ അത്താഴക്കരിക്കാടിക്കാ "
പുഷ്പവേലിൽ ഔസേപ്പിന്റെയും കോരന്റെയും സംഭാഷണങ്ങളിൽ തെളിയുന്ന ജീവിതാവസ്ഥയെക്കുറിച്ച് രണ്ട് സൂചനകൾ എഴുതുക

## <u>നാല് സ്കോറിന്റെ ചോദ്യങ്ങൾ</u>

12. നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല . പിന്നെ എന്താ ആടെ ഉള്ളത്?
ഗ്രാമീണ സംസ്കാരത്തെ സ്നേഹിക്കുന്ന അമ്മയുടെ മനസ്സാണോ ഈ വരികളിൽ തെളിയുന്നത്? സൂചകവും പാഠഭാഗത്തെ മറ്റ് ആശയങ്ങളും പരിഗണിച്ച് കുറിപ്പ് തയാറാക്കുക

13. "കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്ന വിദ്യാലയമുറ്റം " എന്ന പ്രയോഗം കവിതാ സന്ദർഭത്തിന് നൽകുന്ന സവിശേഷ ഭംഗി വിശദമാക്കി കുറിപ്പ് തയാറാക്കുക

14. "സമൂഹത്തിന് ദിശാബോധം നൽകുന്നതിനും ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും പത്രങ്ങൾക്ക് നിർണായക പങ്ക് വഹിക്കാനുണ്ട് " . ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിലയിരുത്തി പ്രതികരണക്കുറിപ്പ് തയാറാക്കുക

15. "മതമേതായാലും കൊള്ളാം
മനുഷ്യൻ നന്നായാൽ മതി "
"മനുഷ്യന്റെ ജാതി മനുഷ്യത്വമാണ് "
ആധുനിക കാലത്ത് ശ്രീനാരായണ ഗുരുവിന്റെ ഈ ദർശനങ്ങൾക്ക് പ്രസക്തിയുണ്ടോ ? സ്വന്തം നിരീക്ഷണം അവതരിപ്പിക്കുക.

16. " അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു " .
ആധുനിക തലമുറയ്ക്ക് ഈ അപരാധബോധം പലപ്പോഴും അന്യമാകുന്നുണ്ടോ? അമ്മത്തൊട്ടിൽ എന്ന കവിതയിലെ മകന്റെ പ്രവൃത്തികൾ കൂടി പരിഗണിച്ച് വിശകലനക്കുറിപ്പ് തയാറാക്കുക.

17. "ഓർമകൾ പലപ്പോഴും തിരിച്ചറിവിലേക്ക് നയിക്കാറുണ്ട് "
പ്രസ്താവന പരിഗണിച്ച് അമ്മത്തൊട്ടിൽ എന്ന കവിതയിൽ ഓർമകൾക്കുള്ള പ്രാധാന്യം വ്യക്തമാക്കി കുറിപ്പ് തയാറാക്കുക.

18. "സ്വയം ചത്ത് മാവിനെ രക്ഷിക്കുന്ന നീറുകൾ എന്ന ചാവേറുപട കൊച്ചു ചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെയെല്ലാം തോൽപ്പിച്ചോടിച്ചു കളഞ്ഞു "
സംരക്ഷണത്തിന്റെ ഈ പ്രകൃതിപാഠം മനുഷ്യന് മാതൃകയാണോ ? പ്രതികരണക്കുറിപ്പ് തയാറാക്കുക.

19. "അയൽപക്കത്ത് അത്താഴപട്ടിണിക്കാരൻ പാർത്താൽ അതൊരു സ്വൈര്യക്കേടാണെന്ന് അവനറിയാം "
" ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവതം പൊട്ടാറായി നിൽക്കുകയാണ് "
അയൽപക്ക ബന്ധങ്ങളിൽ വരുന്ന വിള്ളലുകൾ ഹൃദ്യമായി അവതരിപ്പിക്കുന്ന കഥയാണ് കോഴിയും കിഴവിയും . സൂചകങ്ങളും പാഠഭാഗവും വിലയിരുത്തി കുറിപ്പ് തയാറാക്കുക.

20. അച്ഛന്റെ മരണം അമ്മയുടെ ജീവിതത്തിൽ സൃഷ്ടിച്ച ശൂന്യതയുടെ ആഴം എത്രത്തോളം വലുതായിരുന്നു ? വിശദീകരിക്കുക.

21. കർഷകത്തൊഴിലാളികളുടെ ഉയിർത്തെഴുന്നേൽപ്പ് അനിവാര്യമായിരുന്നു എന്ന യാഥാർത്ഥ്യം പ്ലാവില കഞ്ഞി എന്ന പാഠഭാഗത്ത് എത്രത്തോളം വ്യക്തമാകുന്നുണ്ട് ? കോരൻ ,ചിരുത, കോരന്റെ അച്ഛൻ എന്നീ കഥാപാത്രങ്ങളുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തി കുറിപ്പ് തയാറാക്കുക.

**ആറ് സ്കോറിന്റെ ചോദ്യങ്ങൾ**

22. മാവും അമ്മയും തമ്മിലുള്ള ആത്മബന്ധത്തിന്റെ കഥയാണ് കൊച്ചു ചക്കരച്ചി എന്ന ലേഖനം. ഇത്തരം ആത്മബന്ധം നഷ്ടമായതിന്റെ ഫലങ്ങളാണോ നാം ഇന്ന് അനുഭവിക്കുന്നത്? ഈ ചിന്തയുടെ അടിസ്ഥാനത്തിൽ നഷ്ടമാകുന്ന പ്രകൃതി ബന്ധങ്ങൾ എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

23. "നന്മകൾ കേട്ടതു കണ്ടതു
ചെല്ലാൻ നാക്കിനു കഴിയട്ടെ "
( തത്തമ്മ - അയ്യപ്പപ്പണിക്കർ )
കാവ്യഭാഗത്തു പറയുന്നതു പോലെ കാണുന്നതും കേൾക്കുന്നതും ഉള്ളതു പോലെ പറയാൻ ആധുനിക കാലത്ത് പത്രങ്ങൾക്ക് കഴിയുന്നുണ്ടോ ? സമകാലിക സംഭവങ്ങൾ കൂടി പരിഗണിച്ച് പത്ര ധർമം എന്ന വിഷയത്തിൽ മുഖപ്രസംഗ ാ തയറാക്കുക.

24. " ദരിദ്രനെങ്കിലും അധ്വാനശീലനായ ഒരു തൊഴിലാളിയെയും ഉത്തരവാദിത്തമുള്ള ഒരു കുടുംബനാഥനെയും സ്നേഹ നിധിയായ ഒരു മകനെയും കോരൻ എന്ന കഥാപാത്രത്തിൽ കാണാൻ കഴിയും " .പ്രസ്താവനയും പാഠഭാഗ സന്ദർഭങ്ങളും വിശകലനം ചെയ്ത് കോരൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക.

25. അമ്മത്തൊട്ടിൽ, ഓരോ വിളിയും കാത്ത് ഈ രണ്ടു രചനകളിലെയും മക്കൾക്ക് അവരുടെ അമ്മമാരോടുള്ള സമീപനം വിശകലനം ചെയ്ത് വാർധക്യത്തോട് പുതു തലമുറയുടെ സമീപനം എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കു

★